(ഇ) അംഗങ്ങൾക്ക് എല്ലാം അർഹതയുണ്ട്. വായ്പ അനുവദിച്ചു നൽകിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുകയും പിന്നീട് ജില്ലക്ക് പുറത്ത് സ്ഥലംമാറ്റം കിട്ടിപ്പോയിട്ടുള്ള അംഗങ്ങൾക്കു വായ്പ നൽകിയിട്ടുണ്ട്.

(എഫ്) ശ്രീ. ജി.മഹേന്ദ്രഗംഗ
ശ്രീ.ആർ. മധുസൂദനൻപിള്ള
ശ്രീ. ക്ളമന്റ് ആൻഡ്രൂസ്
ശ്രീമതി എസ്.ലീല
ശ്രീ.വി.റ്റി. കോതനായിക്
ശ്രീ. സി.വിജയൻ
ശ്രീ. കെ.വേണുരാജൻപിള്ള
ശ്രീ. എസ്.ഗോപിനാഥൻ
ശ്രീ.പി.എൻ.പീറ്റർ
ശ്രീ.എസ്.ബാബു
ശ്രീ.ജി.എസ്.അജിത്
ശ്രീ.സി.വിക്രംസിംഗ്
ശ്രീ.ജി.അനുചന്ദ്രകുമാർ
ശ്രീ.എസ്.സഹീർകുഞ്ഞ്
ശ്രീ. മുരളീധരൻപിള്ള

(ജി) വ്യവസ്ഥയില്ല.

(എച്ച്) മുൻ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

140 (1049) അനധികൃതമായി ബാങ്കിൽ നിന്നും തുക പിൻവലിച്ച നടപടി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ യൂണിയന്റെ ലികിഡേറ്ററുടെ പേരിലുള്ള തുക എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കാക്കനാട് ബ്രാഞ്ചിൽ നിന്നും അനധികൃതമായി പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് പിൻവലിച്ചതെന്നും ഏതെല്ലാം തീയതികളിലാണ് പിൻവലിച്ചതെന്നും വെളിപ്പെടുത്താമോ;

(സി) പിൻവലിച്ച തുക എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ചത്;

(ഡി) പ്രസ്തുത ബാങ്കിൽ നിന്നും പ്രസ്തുത തുക പിൻവലിച്ച ലികിഡേറ്ററായ ഉദ്യോഗസ്ഥന്റെ പേർ വെളിപ്പെടുത്തുമോ;

(ഇ) അനധികൃതമായാണ് തുക പിൻവലിച്ചതെങ്കിൽ പ്രസ്തുത തുക ഈടാക്കുകയോ കുറ്റക്കാരുടെ മേൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	24.5.95	–	10,000
	22.11.95	–	2,000
	29.5.96	–	2,000
	4.12.96	–	25,000
	21.6.97	–	15,000
	ആകെ	–	54,000

(സി) ഇക്കാര്യം അന്വേഷിച്ചുവരികയാണ്.

(ഡി) സഹകരണ സംഘം ഇൻസ്പെക്ടർ ശ്രീ.കെ.എ.ഹമീദ് (ഇ&എഫ്)നടപടി സ്വീകരിച്ചുവരുന്നു.

141 (1050) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും സംഘങ്ങൾ പൊതുമരാമത്തു വകുപ്പിൽ നിന്നും ഏറ്റെടുത്ത പ്രവർത്തി സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്തു കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംഘങ്ങളുടെ പേരു വിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14 എണ്ണം.

(ബി) 2 എണ്ണം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

142 (1051) സഹകരണ സംഘങ്ങളുടെ പ്രവർത്തനം

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല വായ്പാ സഹകരണ സംഘങ്ങളും, ബാങ്കുകളും ഷെയർ ഉടമകൾക്ക് യഥാസമയം ലാഭവിഹിതം നൽകുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) സഹകരണ വകുപ്പു നടപ്പിലാക്കിയ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ റിലീഫ് സ്കീം പ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യം നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly